പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 372 28 .6.2011-ൽ മറുപടിയ്ക്ക്

## വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |

(എ) ആനയുൾപ്പെടെയുള്ള വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിനാവശ്യമായ എന്ത് നടപടികളാണ് സ്വീകരിക്കുന്നത്;

(എ) താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കാട്ടുമൃഗങ്ങൾ കൃഷിയിടങ്ങളിൽ പ്രവേശിക്കുന്നത് തടയാനുപകരിക്കുന്ന കിടങ്ങുകൾ, വൈദ്യുതി കമ്പിവേലികൾ, സൗരോർജ്ജ കമ്പിവേലികൾ, മതിലുകൾ തുടങ്ങിയവ നിർമ്മിക്കുന്നു.

2. കൃഷിയിടങ്ങളിലേക്ക് ഇറങ്ങി വരുന്ന മൃഗങ്ങളെ തിരിച്ചു വിടാനുള്ള നടപടികൾ കൈക്കൊള്ളുന്നു.

3. ജലലഭ്യത ഉറപ്പ് വരുത്തുന്നതിലേയ്ക്കായി ഉൾവനങ്ങളിൽ തടയണകളും, കുളങ്ങളും നിർമ്മിക്കുന്നു.

4. കാട്ടുമൃഗങ്ങളെ ആകർഷിക്കുന്ന കൃഷിരീതി അനുവർത്തിക്കാതിരിക്കാൻ കൃഷിക്കാർക്കിടയിൽ അവബോധം വളർത്തുന്നു.

5. എല്ലാ പ്രതിരോധ പ്രവർത്തനങ്ങളിലും ജനപങ്കാളിത്തവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും ഉറപ്പുവരുത്താൻ നടപടികൾ എടുത്തു വരുന്നു.

6. കാട്ടിൽ വന്യമൃഗങ്ങൾക്ക് ഭക്ഷണലഭ്യത ഉറപ്പ് വരുത്തുന്നതിനാവശ്യമായ സസ്യങ്ങൾ നട്ടുവളർത്തുന്നു.

7. ആനകളുടെ സഞ്ചാരപഥം സുഗമമാക്കുന്നതിന് ആനത്താരാ പദ്ധതിയിൻകീഴിൽ സ്വകാര്യ സ്ഥലം ഏറ്റെടുത്ത് ആനത്താരകൾ ഉണ്ടാക്കുന്നു.

8. കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ നിബന്ധനകൾക്കു വിധേയമായി പരീക്ഷണാടിസ്ഥാനത്തിൽ വെടിവെച്ചു കൊല്ലാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു

9. കാട്ടിലിറങ്ങി സ്ഥിരമായി കൃഷിനാശം ഉണ്ടാക്കുന്ന ആനകൾക്ക് റേഡിയോ കോളർ ഘടിപ്പിച്ച് അവയുടെ സഞ്ചാരം നിരീക്ഷിക്കുന്ന പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | കാട്ടുപന്നികളുടെ വംശവർദ്ധനവ് വൻതോതിൽ ഉണ്ടായത് മൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കു ന്നുണ്ടോ; | (ബി) | ' എ ' പിരിവിൽ സൂചിപ്പിച്ച നടപടി കൂടാതെ ഇപ്പോൾ മറ്റു നടപടികളൊന്നും പരിഗണനയിലില്ല. |
| (സി) | കൃഷി നശിപ്പിക്കപ്പെട്ടതിന്റെ ഭാഗമായി നൽകുന്ന നഷ്ടപരിഹാരം വർദ്ധിപ്പിക്കാനുദ്ദേശമുണ്ടോ? | (സി) | കൃഷി നശിപ്പിക്കപ്പെട്ടതിന്റെ ഭാഗമായി നൽകുന്ന നഷ്ടപരിഹാരം 2010-ലാണ് വർദ്ധിപ്പിച്ചത്. വീണ്ടും ഒരു വർദ്ധന ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ